(സി) അതൊഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) പോലീസുകാർ വാഹനം ചെക്ക് ചെയ്യുമ്പോൾ ആർ. സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും സാധാരണ വാങ്ങി വയ്ക്കാറില്ല, എന്നാൽ സൗകര്യപ്രദമായ ചില കേസുകളിൽ അവ വാങ്ങിക്കുമ്പോൾ രസീത് കൊടുക്കാറുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഫയർ സ്റ്റേഷനുകൾ

* 104. [106] ശ്രീ. കാനം രാജേന്ദ്രൻ :
,, എം. കെ. കേശവൻ :
,, കെ. ടി. കുമാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :

ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം ; അവ എവിടെയെല്ലാം ;

(സി) ഫയർ സ്റ്റേഷനുകൾ അനുവദിക്കുവാൻ പാലിക്കപ്പെടേണ്ട വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) രണ്ടെണ്ണം ഗുരുവായൂരും, പയ്യന്നൂരും.

(സി) ഒരു സ്ഥലത്ത് ഫയർ സ്റ്റേഷന്റെ ആവശ്യകത നിശ്ചയിക്കുമ്പോൾ അവിടുത്തെ ജനസാന്ദ്രത, വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണവും സ്വഭാവവും, സമീപകാലത്ത് അവിടെയുണ്ടായ തീപിടിത്തങ്ങളുടെ എണ്ണം, എന്നിവ കണക്കിലെടുക്കാറുണ്ട്. മേല്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സ്ഥലങ്ങളുടെ മുൻഗണനാ പട്ടികയിൽ നിന്നാണ് ഫയർ സ്റ്റേഷൻ ആരംഭിക്കാനുള്ള ഭരണാനുമതി ഓരോ വർഷവും നൽകുന്നത്.

മൽസ്യത്തൊഴിലാളികൾക്ക് പെൻഷൻ

* 105. [107] ശ്രീ. പി. വി. മുഹമ്മദ് :
,, പി. എം. അബൂബക്കർ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, എൻ. ശക്തൻ നാടാർ :
,, വി. ജെ. തങ്കപ്പൻ :. താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളികൾക്കായി ഗവൺമെന്റ് എന്തെങ്കിലും പെൻഷൻ സ്കീം ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly